നികുതി (ഇ) വകുപ്പ്

നമ്പർ 18478/ഇ2/97/നി.വ. തീയതി, തിരുവനന്തപുരം, 1998 ഫെബ്രുവരി, 13.

പ്രിൻസിപ്പൽ സെക്രട്ടറി.

റവന്യു ഡിവിഷണൽ ഓഫീസർ, തൃശ്ശൂർ.

സർ,

വിഷയം:— റവന്യു റിക്കവറി പ്രകാരം ലേലം ചെയ്ത വസ്തുവിന് സെയിൽ സർട്ടിഫിക്കറ്റ് — സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കുന്നതിനെപ്പറ്റി.

സൂചന:— താങ്കളുടെ 30-7-1996 -ലെ ബി1/3831/96 -ാം നമ്പർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. രജിസ്ട്രേഷൻ ആക്റ്റിലെ 17 (2) (XII) വകുപ്പ് പ്രകാരം സെയിൽ സർട്ടിഫിക്കറ്റ് നിർബന്ധമായും രജിസ്റ്റർ ചെയ്യപ്പെടേണ്ട ഒരു കരണമല്ല. പ്രസ്തുത ആക്റ്റിലെ 89 -ാം വകുപ്പ് (4) -ാം ഉപവകുപ്പിൽ റവന്യൂ ഓഫീസർ നൽകുന്ന സെയിൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ബന്ധപ്പെട്ട രജിസ്റ്ററിംങ് ഓഫീസർക്ക് അയച്ചുകൊടുക്കണമെന്നും രജിസ്റ്ററിംങ് ആഫീസർ ആ പകർപ്പ് 1-ാം പുസ്തകത്തിൽ ഫയൽ ചെയ്യണമെന്നും നിഷ്കർഷിക്കുന്നു.

**കേരളത്തിൽവച്ച് ഏതൊരാളും എഴുതി ഒപ്പിടുന്നതും മുദ്രവില ഈടാക്കേണ്ടതുമായ എല്ലാ കരണങ്ങളിലും അവ എഴുതി ഒപ്പിടുന്ന സമയത്തോ അതിനു മുമ്പോ ആയി മുദ്രപതിപ്പിക്കേണ്ടതാണെന്ന് കേരള മുദ്രപ്പത്ര നിയമം 17 -ാം വകുപ്പ് അനുശാസിക്കുന്നു. ഒരു കരണം രജിസ്റ്റർ ചെയ്യപ്പെട്ടാലും ഇല്ലെങ്കിലും ആ കരണം മുദ്രപ്പത്രനിയമപ്രകാരം മുദ്രവില ചുമത്തപ്പെടേണ്ട ഒന്നാണെങ്കിൽ ആയത് എഴുതി ഒപ്പിടുന്ന സമയത്ത് മുദ്രവില ചുമത്തേണ്ടതാണ്. കേരള മുദ്രപ്പത്രനിയമത്തിന്റെ പട്ടികയിലെ 16-ാം ഇനത്തിൽ സെയിൽ സർട്ടിഫിക്കറ്റിന് ചുമത്തേണ്ടതായ മുദ്രവില നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ റവന്യൂ ഉദ്യോഗസ്ഥർ നൽകുന്ന അസൽ സെയിൽ സർട്ടിഫിക്കറ്റുകൾ മേൽ കേരള മുദ്രപ്പത്ര നിയമത്തിലെ 16-ാം ഇന പ്രകാരമുള്ള മുദ്രവില ചുമത്തേണ്ടതാണ്.**

താങ്കളുടെ വിശ്വസ്തൻ,

**പി. കെ. മുഹമ്മദ്,**

അണ്ടർ സെക്രട്ടറി.